**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 199**

**16.08.2017 - ൽ മറുപടിക്ക്.**

## വ്യവസായ വികസനത്തിൽ പ്രവാസികളുടെ പങ്കാളിത്തം

ചോദ്യം

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്
ശ്രീ. സി. മമ്മൂട്ടി,
ശ്രീ. ഉബൈദുള്ള,
ശ്രീ. അബ്ദുൽ ഹമീദ് പി.

മറുപടി

**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ പ്രവാസികളെ പങ്കാളികളാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(എ) : ഉണ്ട്. സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ പ്രവാസികളെക്കൂടി പങ്കാളികളാക്കുന്ന തരത്തിലാണ് സർക്കാരിന്റെ പുതിയ കരട് വ്യവസായ നയം തയ്യാറാക്കിയിട്ടുള്ളത്.
പ്രവാസികളായ കേരളിയർ വിദേശത്ത് നിന്നും വരുമ്പോൾ അവർക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും അവരുടെ പുനരധിവാസം, പരിശീലനം, എന്നിവയ്ക്കുവേണ്ട എല്ലാ സഹായങ്ങളും നൽകുന്നതാണ്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ 5% ഇവർക്കായി റിസർവ് ചെയ്തിട്ടുണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് ഒറ്റയ്ക്കോ കൂട്ടായോ കടന്നുവരുന്നവർക്ക് സർക്കാർ സാങ്കേതികവും നിയമപരവുമായ സഹായങ്ങൾ ഉറപ്പു വരുത്തുന്നു. ഇതിൽ പ്രവാസികൾക്ക് പങ്കാളികളാകാം. വ്യവസായ വികസനത്തിന് വകുപ്പ് നടപ്പിലാക്കുന്ന സംരംഭകത്വ വികസന പരിശീലന പരിപാടികളിൽ പങ്കെടുത്ത് വിദഗ്ദ പരിശീലനം നേടി സംസ്ഥാനത്ത്

| | |
|---|---|
| | സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും "സംരംഭകത്വ സഹായ പദ്ധതി" അനുസരിച്ചുള്ള നിക്ഷേപ സബ്സിഡി ലഭിക്കുന്നതിനും പ്രവാസികൾക്ക് അവസരമുണ്ട് നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കിവരുന്ന NDPREM പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പ്രവാസികളുടെ സംരംഭകത്വ വികസന പരിശീലന പരിപാടികളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ സഹകരിച്ചു പ്രവർത്തിക്കുന്നു. |
| (ബി) ഇക്കാര്യത്തിൽ ഏതെങ്കിലും പ്രവാസി സംഘടനകളുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | (ബി) : ഇല്ല. |
| (സി) സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിന് പ്രവാസി നിക്ഷേപം ഇതിനോടകം സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (സി) : ഉണ്ട്. വ്യവസായ വകുപ്പിൻ കീഴിൽ MSME യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവാസികളുടെ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.